ആഭ്യന്തര വിപണിയിലെ മത്സ്യ വിൽപ്പന

121 (2400) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ മത്സ്യം ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം മത്സ്യബന്ധനം വഴി ലഭിച്ച മത്സ്യത്തിന്റെ കണക്ക് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ ;

(സി) ഒരു വർഷത്തിൽ സംസ്ഥാന ആഭ്യന്തര വിപണിയിൽ എത്ര ടൺ മത്സ്യം വിൽപ്പന നടത്തുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) പ്രതിവർഷം ശരാശരി 6,60.000 ടൺ മത്സ്യം ലഭിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലം ലഭിച്ച മത്സ്യത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നുണ്ട് :

വർഷം	കടൽ മത്സ്യം	ഉൾനാടൻ മത്സ്യം	ആകെ (ടൺ)
1998-99	5,60,328	65,855	6,26,183
1999-2000	5,93,720	74,130	6,67,850
2000-01	5,66,571	85,234	6,51,805
2001-02	5,93,783	88,039	6,81,822
2002-03	5,94,495	70,536	6,65,031

(താൽകാലികം)

(സി) 5,40.000 ടൺ.

മത്സ്യങ്ങൾക്കുള്ള തീറ്റ മിതമായ വിലയ്ക്ക് വിൽക്കുവാൻ നടപടി

122 (2401) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യകർഷർക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ എവിടെ നിന്നെല്ലാം ലഭിക്കുമെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly